# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 03 | 2023 |
|---|---|---|



ശബരിമല പത്രക്കുറിപ്പ് - 3

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

## സന്നിധാനത്തെ വെടിമരുന്ന് ശാലയിലും ഹോട്ടലുകളിലും പരിശോധന നടത്തി

ശബരിമല: മകരവിളക്ക് മഹോത്സവത്തിന് മുന്നോടിയായി സുരക്ഷ വർധിപ്പിക്കാൻ സന്നിധാനത്തെ വെടിമരുന്ന് ശാലകളിലും, ഹോട്ടലുകളിലും സന്നിധാനം എക്സിക്യുട്ടീവ് മജിസ്ട്രേറ്റ് എൻ രാംദാസിന്റെ നേതൃത്വത്തിൽ പരിശോധന നടത്തി. സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുമ്പോൾ സ്വീകരിക്കേ മുൻകരുതലുകൾ കർശമായി പാലിക്കാൻ വെടിവഴിപാട് നടത്തിപ്പുകാർക്ക് നിർദേശം നൽകി. വൈദ്യുതി കടന്നു പോകുന്ന കേബിളുകൾ വെടിത്തട്ടിലും വെടിമരുന്ന് ശാലയിലും ഉപയോഗിക്കാൻ അനുവദിക്കില്ല. ഒരു കിലോയിലയധികം വെടിമരുന്ന് ഇവിടെ സൂക്ഷിക്കരുത്. കതിന നിറക്കുമ്പോൾ ആവശ്യമായ മുൻകരുതൽ സ്വീകരിക്കണമെന്നും ബന്ധപ്പെട്ടവരെ അറിയിച്ചു. തുടർന്ന് ഹോട്ടലുകളിൽ പരിശോധന നടത്തി. ഹോട്ടലുകളിൽ അഞ്ചിലധികം ഗ്യാസ് സിലി റുകൾ സൂക്ഷിക്കാൻ അനുവദിക്കില്ല. തുടർ പരിശോധനയിൽ സ്ഫോടകവസ്തു നിയമ

പ്രകാരമുള്ള മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തിയാൽ കട അടപ്പിക്കും. തീപ്പിടുത്തം ഒഴിവാക്കാൻ തൊഴിലാളികൾക്ക് ഫയർഫോഴ്സ് ഉദ്യോഗസ്ഥർ പരിശീലനം നൽകും. ഇതിനായുള്ള മാർഗ നിർദേശങ്ങൾ പാചകപ്പുരകളിൽ പ്രദർശിപ്പിക്കുകയും ചെയ്യും. ഫയർഫോഴ്സ്, പൊലീസ്, ആരോഗ്യം, റവന്യു എന്നീ വകുപ്പുകൾ സംയുക്തമായി നടത്തിയ പരിശോധനയിൽ ജില്ലാ ഫയർ ഓഫീസർ കെ ആർ അഭിലാഷ്, ഫയർസ്റ്റേഷൻ ഓഫീസർ കെ എൻ സതീശൻ, ആരോഗ്യ വിഭാഗം സാനിറ്റേഷൻ സൂപ്പർവൈസർ ജി അമ്പാടി തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ: സന്നിധാനം എക്സിക്യുട്ടീവ് മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ സംയുക്തമായി സന്നിധാനത്തെ വെടിമരുന്ന് ശാലകളിൽ പരിശോധന നടത്തുന്നു**

(പി.ആർ. ശബരി- 229)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.